# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1149 — 10.08.2017 - ൽ മറുപടിയ്ക്ക്

## അട്ടത്തോട് സർക്കാർ സ്കൂൾ

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) ശബരിമല ഉൾവനത്തിലെ പട്ടികവർഗ്ഗ കോളനിയായ അട്ടത്തോട്ടിൽ സർക്കാർ സ്കൂൾ എന്നാണ് ആരംഭിച്ചത്; ഇപ്പോൾ ഇവിടെ എത്രാം ക്ലാസ്സ് വരെയാണ് ഉള്ളതെന്നും ഓരോ ക്ലാസ്സിലും എത്ര കുട്ടികളാണ് പഠിക്കുന്നതെന്നും എത്ര അദ്ധ്യാപകരാണ് ഉള്ളതെന്നും വ്യക്തമാക്കാമോ; | (എ) 2015-2016 (01.06.2015) മുതൽ പ്രവർത്തനമാരംഭിച്ചു. നിലവിൽ 1 മുതൽ 4 വരെ അംഗീകാരം ലഭിച്ച ക്ലാസ്സുകൾ പ്രവർത്തിക്കുന്നു.<br>2017-18 വർഷം പഠിക്കുന്ന കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>ക്ലാസ്സ് എണ്ണം<br>I - 17<br>II - 19<br>III - 17<br>IV - 06<br>-------------------------<br>ആകെ 59 കുട്ടികൾ<br>-------------------------<br>താത്ക്കാലികമായി 5 - ാം ക്ലാസ്സ് കൂടി പ്രവർത്തിക്കുന്നു. ഈ ക്ലാസ്സിൽ 8 കുട്ടികൾ പഠിക്കുന്നു.<br>നിലവിൽ 2 അദ്ധ്യാപകരും 1 പ്രഥമാദ്ധ്യാപകനും ജോലി ചെയ്യുന്നു. |
| (ബി) ഇപ്പോൾ സ്കൂളിന്റെ പ്രവർത്തനം നടക്കുന്നത് എവിടെയാണ്; | (ബി) റാന്നി-പെരുനാട് പഞ്ചായത്തിന്റെ 9 - ാം വാർഡിൽ അട്ടത്തോട് ആദിവാസി മേഖലയിൽ പഞ്ചായത്ത് വക സാംസ്കാരിക നിലയമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിൽ സ്കൂൾ താത്ക്കാലികമായി നടന്നു വരുന്നു. |
| (സി) സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനായി വനം വകുപ്പ് വക സ്ഥലം ഏറ്റെടുക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (സി) ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ നിന്നും ലഭിച്ചിട്ടുള്ള ഒരു ഏക്കർ 23 സെന്റ് സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 22.06.2016 - ൽ കലക്ടറേറ്റിൽ ചേർന്ന യോഗത്തിൽ തീരുമാനമായിരുന്നു. എന്നാൽ കെട്ടിടം പണി ആരംഭിച്ചിട്ടില്ല. |

Hema. V

സെക്ഷൻ ഓഫീസർ